Page 1 of 2

(ഡി) പദ്ധതി പ്രദേശമെന്ന പരിഗണന നൽകി വല്ലാർപാടം നിവാസികൾക്കും വല്ലാർപാടം സ്ഥിതിചെയ്യുന്ന മുളവുകാട് പഞ്ചായത്തിലും സിറ്റി ഗ്യാസ് സൗജന്യമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഇ) പദ്ധതി പ്രദേശം സ്ഥിതി ചെയ്യുന്ന വൈപ്പിൻ പ്രദേശത്തെ ജനങ്ങൾക്ക് മുൻഗണന നൽകി പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(ഡി & ഇ) പദ്ധതിയുടെ ഭാഗമായി നിലവിൽ തൃക്കാക്കര, കളമശ്ശേരി മുനിസിപ്പാലിറ്റിയിലെ വീടുകളിൽ ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ കൊച്ചി കോർപ്പറേഷനിലും തൃക്കാക്കരയിലെയും കളമശ്ശേരിയിലെയും ഇതര ഭവനങ്ങളിലേക്കും കൂടി പദ്ധതി ലഭിക്കാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. 2021-2022 ഓടെ മേല്പറഞ്ഞ പ്രദേശങ്ങളിലാകെ പ്രകൃതി വാതകം ലഭ്യമാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. തുടർന്നും 2022 - 2023 ഓടുകൂടി വൈപ്പിൻ വല്ലാർപാടം തുടങ്ങിയ പ്രദേശങ്ങിലേക്കുകൂടി പദ്ധതി വ്യാപിപ്പിക്കുകയും തന്മൂലം അവിടുത്തെ ഓരോ ഭവനങ്ങളിലും ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കാൻ സാധിക്കുന്നതുമാണെന്ന് IOAGPL അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്.

(എഫ്) എറണാകുളം ജില്ലയിൽ ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി മുഖേന നടപ്പിലാക്കാൻ അനുമതി ലഭിച്ചിട്ടുള്ള പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നത് കണക്കിലെടുത്ത് പദ്ധതി നിർവ്വഹണത്തിൽ മറ്റു കമ്പനികളെ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാമോ; വിശദമാക്കുമോ?

കേരള സർക്കാർ പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്നതിനുള്ള എല്ലാ പിന്തുണയും ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിന് നല്കി വരുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിൽ മറ്റു കമ്പനികളെ കൂടി ഉൾപ്പെടുത്തുന്ന കാര്യം കേന്ദ്ര സർക്കാർ അതോറിറ്റിയായ പി.എൻ.ജി.ആർ.ബി. അറിയിച്ചിട്ടില്ല.

ചാത്തന്നൂർ മണ്ഡലത്തിലെ കിൻഫ്ര വ്യവസായ പാർക്കിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി

122(3554) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ചിറക്കര ഗ്രാമപഞ്ചായത്ത്

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശത്ത് കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പ് നടപടികളുടെ പുരോഗതി അറിയിക്കാമോ?

സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് പ്രാരംഭ പ്രവർത്തനങ്ങൾ കിൻഫ്ര തുടങ്ങിവെച്ചെങ്കിലും ഭൂമിയുടെ പകുതിയിലധികം ഭാഗങ്ങൾ തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ തുടർനടപടികൾ കിൻഫ്ര സ്വീകരിച്ചിട്ടില്ല.

(ബി) കിൻഫ്ര വ്യവസായ പാർക്കിനായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന 95.47 ഏക്കർ ഭൂമിയിൽ, തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ വരുന്ന 46.39 ഏക്കർ ഭൂമി ഒഴിവാക്കി ബാക്കി ഭൂമി വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി ഏറ്റെടുക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ;

(സി) തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ വരുന്ന ഭൂമി ഒഴിവാക്കി ബാക്കിയുള്ള ഭൂമിയിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ അവ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

(ബി & സി) കൊല്ലം താലൂക്കിൽ പരവൂർ, ചിറക്കര വില്ലേജുകളിൽ ഒരു വ്യവസായ പാർക്കിനായി കണ്ടെത്തിയ 95.47 ഏക്കർ ഭൂമിയിൽ 46.39 ഏക്കർ ഭൂമി റവന്യൂ രേഖകൾ പ്രകാരം "നിലം" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് പ്രസ്തുത ഭൂമി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിക്കുള്ളിൽ വരുന്നതാണ്. നെൽവയൽ ഒഴിവാക്കിയാൽ അവശേഷിക്കുന്ന കരഭൂമി പല ഭാഗങ്ങളിലായി ചിതറിക്കിടക്കുന്നത് നിമിത്തം ഫലപ്രദമായ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നത് അപ്രായോഗികമാണ്. മേൽ ഭൂമി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കാൻ കിൻഫ്ര 27-5-2013-ൽ നൽകിയ അപേക്ഷയിൽ ഇതുവരെ തീരുമാനമായിട്ടില്ല.

എം.എസ്.എം.ഇ. മേഖലയിലെ നിക്ഷേപവും തൊഴിലവസരവും

123(3555) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എം.എസ്.എം.ഇ. മേഖലയിലെ മൊത്തം വർക്കിംഗ് യൂണിറ്റുകൾ എത്രയെന്ന് വ്യക്തമാക്കാമോ; ഈ മേഖലയിലെ മൊത്തം നിക്ഷേപം, സൃഷ്ടിച്ച തൊഴിലവസരങ്ങൾ എന്നിവ എത്രയെന്നും അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly